Mathrubhumi Sunday 1 May 2011

# അങ്കമാലിയിൽ ഇൻകെൽ സിറ്റി ഉയരുന്നു

**കൊച്ചി:** സർക്കാർ നിയന്ത്രണത്തിലുള്ള പൊതു സ്വകാര്യ സംരംഭമായ ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) സ്റ്റാൻഡേർഡ് ഡിസൈൻ മൊഡ്യൂൾസ് എന്ന പുതിയ പദ്ധതി പ്രഖ്യാപിച്ചു.

അങ്കമാലിയിൽ 'ഇൻകെൽ സിറ്റി' എന്ന പേരിൽ വികസിപ്പിക്കുന്ന സ്ഥലത്താണ്, പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് ബിസിനസ്സിനായി എളുപ്പത്തിൽ സ്ഥലം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ, പുതിയ പദ്ധതി തുടങ്ങുന്നതെന്ന് ഇൻകെൽ അറിയിച്ചു. സർക്കാർ നിയന്ത്രണത്തിൽ വൻതോതിലുള്ള സ്വകാര്യ നിക്ഷേപമൊരുക്കാനാണ് ഇൻകെൽ ലക്ഷ്യമിടുന്നത്.

ഇൻകെൽ കെഎസ്ഐഡിസിയുമായി ചേർന്ന് അങ്കമാലിയിലെ ടെൽക്കിനു സമീപമായി 50 ഏക്കർ സ്ഥലത്ത് ഇതിനായി രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. ഇതിൽ 30 ഏക്കറാണ് ഇൻകെൽ സിറ്റിയെന്ന പേരിൽ വികസിപ്പിക്കുക.

ഇൻകെൽ സിറ്റിയുടെ ഭാഗമായി 5.5 ഏക്കറിലാണ് സ്റ്റാൻഡേർഡ് ഡിസൈൻ മൊഡ്യൂൾസ് പൂർത്തിയാകുക. രണ്ടു ഘട്ടമായിട്ടായിരിക്കും ഇത്. ആദ്യ ഘട്ടമായി രണ്ടരലക്ഷം ചതുരശ്ര അടി സ്ഥലത്ത് 5000 ചതുരശ്ര അടിയുടെ മൊഡ്യൂളുകളാണ് പൂർത്തിയാക്കുക. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഇവിടെ നിക്ഷേപകർക്കായി 88 വർഷത്തേക്കാണ് സ്ഥലം നൽകുന്നത്. രണ്ടാം ഘട്ടത്തിൽ നാലു ലക്ഷം ചതുരശ്ര അടിയാണ് വികസിപ്പിക്കുക. ആദ്യഘട്ടം 2012 മാർച്ചിൽ തുടങ്ങാനാണ് ലക്ഷമിടുന്നത്.

പദ്ധതിസ്ഥലത്ത് നിർമാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞുവെന്നും നിക്ഷേപകർക്കായി ബുക്കിങ് ആരംഭിച്ചുവെന്നും നല്ല പ്രതികരമാണ് കിട്ടിക്കൊണ്ടിരിക്കുന്നതെന്നും ഇൻകെൽ അറിയിച്ചു.